33
1|1|21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനംവന്യജീവിവകുപ്പ്-അന്തിച്ച റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീമതി.ഷർമ്മിള ജയറാമിന്റെ പ്രൊബേഷൻ പൂർത്തീയായി പ്രഖ്യാപിക്കുന്നതിനായി വകുപ്പ് തല പരീക്ഷ പാസ്സാകുന്നതിൽ ഇളവനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനംവന്യജീവി(എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.336/2020/വനം തീയതി,തിരുവനന്തപുരം, 31/12/2020

---

പരാമർശം:- ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 20.10.2020 ലെ ഡി4-2633/2020 നം.കത്ത്.

ഉത്തരവ്

വനം വകുപ്പിൽ മണ്ണാർക്കാട് ഡിവിഷനിലെ അട്ടപ്പാടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായി ജോലി നോക്കവേ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടയിൽ അപകടത്തിൽപ്പെട്ട് ചികിൽസയിലിരിക്കേ 02.01.2020 ൽ മരണപ്പെട്ട ശ്രീമതി.ഷർമ്മിള ജയറാമിന്റെ പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ചുവെങ്കിലും നിർബന്ധിത വകുപ്പുതല പരീക്ഷ പാസ്സാകാത്തതിനാൽ ചട്ടപ്രകാരം ടിയാളുടെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നും, ചുരുങ്ങിയ കാലയളവിൽ മികച്ച സേവനം കാഴ്ച വച്ച ടി ജീവനക്കാരിയുടെ സേവനാനുകൂല്യങ്ങൾ ലഭ്യമാക്കുവാനായി പ്രൊബേഷൻ ഡിക്ളയർ ചെയ്യേണ്ടതായുള്ള സാഹചര്യത്തിൽ ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് ടിയാളുടെ പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിന്, നിർബന്ധിത പരീക്ഷാ വിജയം നേടണമെന്ന യോഗ്യതയിൽ ഇളവനുവദിച്ച് ഉത്തരവ് നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം ഭരണവിഭാഗം ഉപമുഖ്യവനപാലകൻ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. വനം വകുപ്പിൽ മണ്ണാർക്കാട് ഡിവിഷനിലെ അട്ടപ്പാടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായി ജോലി നോക്കവേ 02.01.2020 ൽ മരണപ്പെട്ട ശ്രീമതി.ഷർമ്മിള ജയറാമിന്റെ പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിന്, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, 1958 ലെ കെ.എസ്.& എസ്.എസ്.ആർ ഭാഗം-2, ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന പ്രത്യേകാധികാരം വിനിയോഗിച്ച്, കേരളാ ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ചട്ടം 10 ൽ നിഷ്കർഷിച്ചിട്ടുള്ള വകുപ്പുതല പരീക്ഷാ വിജയം നേടണമെന്ന യോഗ്യതയിൽ ഇളവ് അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAJEEVAN M K
അണ്ടർ സെക്രട്ടറി

ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം(സേവന പുസ്തകം സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.

## File No.FWLD-F3/153/2020-FWLD

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്(എഡിവി -എ3/126 /2020/ഉഭപവ ,തീയതി 22 .11 .2020 പ്രകാരം).
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NOUSHAD S
Date: 2020.[illegible] 12:21:13 IST
Reason: Approved

സെക്ഷൻ ഓഫീസർ.

പകർപ്പ്-വനംവന്യജീവി(പാർലമെന്റ്) വകുപ്പ്.